കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പടിയൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് –2016-17

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:*doknr.ksad@kerala.gov.in*

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.4/1636/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670 001,
ഇ-മെയിൽ:doknr.ksad@kerala.gov.in
ഫോൺ: 0497 2707698

തിയ്യതി : 01.11.2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

പടിയൂർ ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം :- പടിയൂർ ഗ്രാമപഞ്ചായത്ത് --- 2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തര വാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി

നം കെ. എസ്. എ. /കെ.എൻ.ആർ./സി.4/1636/2017 തീയതി : 01.11.2017

<u>കണ്ണൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തിന്റെ</u>

<u>2016-2017 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആമുഖം

പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 17 അന്വേഷണക്കുറിപ്പുകളിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് നൽകിയ അന്വേഷണക്കുറിപ്പുകളുടെ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട : ശ്രീ ജോൺ മനോഹർ

ഉദ്യോഗസ്ഥന്റെ പേര് : ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 13-09-2017 മുതൽ 22-09-2017 വരെ

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>

| | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.എം പി ശശികുമാർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| 2 | ശ്രീ. ഗണേശൻ കേളോത്ത് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | ശ്രീ. ലതീഷ് കുമാർ .കെ.കെ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. കെ. ശ്രീജ. | 01-04-16 മുതൽ 31-03-17 വരെ |
| സെക്രട്ടറി | ശ്രീ.ജെ.ആന്റണി | 01-04-16 മുതൽ 31-03-17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | കൃഷി ഓഫീസർ | ശ്രീ.വിനേഷ് കുമാർ .കെ.വി | 01-04-16 | 31-03-17 |
| 2 | വി.ഇ.ഒ - കല്ല്യാട് സർക്കിൾ | ശ്രീ.അജിത്ത് കുമാർ .പികെ | 01-04-16 | 22-11-16 |
| | | ശ്രീ.ജോയിംസ്. കെ.സി | 23-11-16 | 31-03-17 |
| | വി.ഇ.ഒ –പടിയൂർ സർക്കിൾ | ശ്രീ.അബ്ദുള്ള. സി | 01-04-16 | 31-03-17 |
| 3 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.ആരിഫ് ലത്തീഫ് | 01-04-16 | 01-05-16 |
| | | ഡോ.സത്യജൻ .ടി.പി | 02-05-16 | 23-05-16 |
| | | ഡോ.പ്രശാന്ത് .പി.വി | 24-05-16 | 20-07-16 |
| | | ഡോ.വോൾഗ വിജയൻ | 21-07-16 | 31-03-17 |
| 4 | വെറ്റിനറി സർജൻ | ഡോ.ദിവ്യ റാണി തോമസ് | 01-04-16 മ | 18-06-16 |
| | | ഡോ.ജൗഹർ | 19-06-16 | 17-01-17 |
| | | ഡോ.പ്രസീന പൗലോസ് | 18-01-17 | 31-03-17 |
| 5 | മെഡിക്കൽ ഓഫീസർ ആയ്യൂർവേദം | ഡോ.അപർണ്ണ വിൽസൺ | 01-04-16 | 24-04-16 |
| | | ഡോ.അഞ്ചലി.എസ് | 25-04-16 | 29-09-16 |

| | | | | |
|---|---|---|---|---|
| | | ഡോ. ശ്രുതി .ടി.പി | 30-09-16 | 03-01-17 |
| | | ഡോ.രഞ്ചിത്ത് എം. നമ്പൂതിരി | 04-01-17 | 31-03-17 |
| 6 | അസി. എഞ്ചിനീയർ | ശ്രീ.കലേഷ് .കെ | 01-04-16 | 15-06-16 |
| | | ശ്രീമതി. ധന്യ . യു.കെ | 16-06-16 | 31-03-17 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.അനിത.പി | 01-04-16 മുതൽ | 31-03-17 വരെ |
| 8 | അസി . സെക്രട്ടറി | ശ്രീമതി.സവിത. എം | 01-04-16 | 31-03-17 |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം. |
| 5 | 1-5 | ഫണ്ട് വിനിയോഗം |

| | | |
|---|---|---|
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | ക്യാഷ് വെരിഫിക്കേഷൻ |
| 11 | 1-11 | ആഭ്യന്തരനിയന്ത്രണം. |
| 12 | 1-12 | ഗ്രാമസഭകൾ |
| ഭാഗം-2 | | |
| 13 | 2-1 | വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല |
| 14 | 2-2 | മാനുവൽ രശീതി ഉപയോഗം ജാഗ്രത പാലിക്കേണ്ടതാണ് |
| 15 | 2-3 | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് ഒടുക്കാൻ വാങ്ങിക്കുന്ന തുകയിൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കുന്നില്ല |
| | 2-4 | പരസ്യ നികുതി ഈടാക്കുന്നില്ല. |
| 16 | 2-5 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കയതുമൂലം ഗ്രാമപഞ്ചാ |

| | | |
|---|---|---|
| | | യത്തിന് 231 രൂപയുടെ നഷ്ടം. നികുതി പുനർനിർണ്ണയിച്ച് ബന്ധപ്പെട്ട രേഖകളിൽ മാറ്റം വരുത്തേണ്ടതാണ് |
| 17 | 2-6 | തൊഴിൽ നികുതി അപാകങ്ങൾ |
| 18 | 2-7 | ഡി.&ഒ ലൈസൻസ് അപാകങ്ങൾ |
| ഭാഗം-3 | | |
| 19 | 3-1 | സബ്സിഡി നിരക്ക് അധികം നൽകി - 261909 രൂപ നിരാകരിക്കുന്നു. |
| 20 | 3-2 | വൈദ്യുതി കണക്ഷൻ ലഭ്യമാക്കാതെ വയോജന വിശ്രമ കേന്ദ്രങ്ങൾക്ക് ടി വി സെറ്റുകൾ വാങ്ങിച്ചു നൽകി. ചെലവ് തുക 74925 രൂപ തടസപ്പടുത്തുന്നു |
| 21 | 3-3 | പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ട പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ധനസഹായം-പദ്ധത മാർഗ്ഗരേഖ നിർദേശങ്ങൾ പാലിച്ചില്ല. ചെലവ് തുക തടസപ്പെടുത്തുന്നു. |
| 22 | 3-4 | ഒരേ ദിവസം രണ്ട് തവണ മാലിന്യ ശേഖരണത്തിന് തുക നൽകി -1300 രൂപ തടസപ്പെടുത്തുന്നു |
| 23 | 3-5 | കമ്മ്യൂണിറ്റി ഹാളുകളിലേക്ക് ഫർണ്ണിച്ചർ വാങ്ങിയത്- സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. |

| | | |
|---|---|---|
| | | |
| 24 | 3-6 | വി ഇ ഒ യുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -ബന്ധപ്പെട്ട അധികാരികളിൽ നിന്നും കാര്യക്ഷമത സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 25 | 3-7 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്. |
| 26 | 3-8 | 2013-14 വർഷം ഓണം അഡ്വാൻസിനത്തിൽ നൽകിയ തുകയിൽ തിരികെ അടക്കാൻ ബാക്കിയുള്ള 8000/- രൂപ ഈടാക്കിയിട്ടില്ല. |
| 27 | 3-9 | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പ്രവൃത്തിക്ക് 2015-16 ൽ നൽകിയ തുക വിനിയോഗിച്ചിട്ടില്ല. |
| 28 | 3-10 | പൊതുടാപ്പുകളുടെ വെള്ളക്കരമൊടുക്ക്-അപാകങ്ങൾ |
| ഭാഗം 4 | | |
| 29 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 30 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 31 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 32 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 33 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |

| | | |
|---|---|---|
| 34 | 4-6 | ഓഡിറ്റ് റിക്കവറി |
| 35 | 4-7 | സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 36 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 37 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 38 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 39 | Appendix- 2 | Income&Expenditure Statement |
| 40 | Appendix- 3 | Receipt& Payment Statement |
| 41 | Appendix- 4 | Balance Sheet |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 03-03-16 തീയതിയിലെ 36 /16 നമ്പർ തീരുമാനം പ്രകാരം അംഗീകാരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് |
|---|---|
| മുന്നിരിപ്പ് | 12969502 |

| | |
|---|---|
| വരവ് | 83821000 |
| ആകെ | 96790502 |
| ചെലവ് | 95926050 |
| നീക്കിയിരിപ്പ് | 864452 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-2017 | 31-07-2017 | 06-06-2017 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2016-2017 | 14-09-2017 | കെ.എസ്.എ/കെ.എൻ.ആർ./സി.4 /1636/2017 തീയ്യതി 01.11.2017 | വിശേഷണങ്ങളോട്ട കൂടിയത് |

ന്യൂനതകൾ

1.വസ്തുനികുതിയിനത്തിൽ ഡിമാന്റ് ,കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കുവാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല..

2.Remission / write off എന്നീ ഇനങ്ങളിലെ തുകകൾ തൻവർഷത്തെ വാർഷിക അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടില്ല.

3.ആസ്തി രജിസ്ററർ കാലികമാക്കാത്തതിനാൽ B11 ഷെഡ്യൂളിലെ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

4.ബാലൻസ് ഷീറ്റിലെ B9 ഷെഡ്യൂളിൽ ആർ. എം.എഫ് ഇനത്തിൽ 3600/- രൂപയും, റോയൽറ്റി ഇനത്തിൽ 26000/- രൂപയും ,വാറ്റ് ഇനത്തിൽ 26457/-രൂപയും ആദായ നികുതിയിനത്തിൽ 51627/- രൂപയും കാണിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ ഇവ ലയബിലിറ്റി അല്ല. ഇവ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

5.ബാലൻസ് ഷീറ്റിലെ B9 ഷെഡ്യൂളിൽ കാണിച്ച 7821/- രൂപ ടാർ ബാരൽ വിലയായി ഈടാക്കിയ തുകയാണ്.ഇത് ലയബിലിറ്റി അല്ല.

6.ഇൻവെസ്റ്റ്മെന്റിനത്തിൽ B12 ഷെഡ്യൂളിൽ 10,010/- രൂപ കാണിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ ഈ ഇനത്തിൽ 10.000/- രൂപ മാത്രമാണുള്ളത്.

## 1-4 സാമ്പത്തിക വിശകലനം.

സ്ഥാപനത്തിന്റെ 2016-2017വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 8689091 |
| വരവ് | 44608927 |
| ആകെ | 53298018 |
| ചെലവ് | 42217459 |
| നീക്കിയിരിപ്പ് | 11080559 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 11226255 | 9004743 | 2221512 | 0 | 80.21 |
| വികസനഫണ്ട് എസ്.സി.പി. | | 1291368 | 897607 | 393761 | 0 | 69.5 |
| വികസനഫണ്ട് ടി.എസ്.പി. | | 1946415 | 1825695 | 120720 | 0 | 93.79 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | | 5167869 | 4558214 | 609655 | 0 | 88.2 |
| സംരക്ഷണ ഗ്രാന്റ് -നറോഡ് | | 3001836 | 2725614 | 276222 | 0 | 90.79 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 6295070 | 3399915 | 2895155 | 0 | 54 |
| പെർഫോമൻസ് ഗ്രാന്റ് | സെൻട്രൽ | 2578225 | 512621 | 2065604 | 0 | 19.88 |
| | സ്റ്റേറ്റ് | 866545 | 866545 | 0 | | 100 |

മറ്റ് ഫണ്ടുകളുടെ വിവരം

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| എം.ജി.എൻ.ആർ. ഇ.ജി.എസ് | 1773 | 16694491 | 16696264 | 16695264 | 1000 | 99.99 |
| ബി. ഫണ്ട് | 0 | 35312575 | 35312575 | 35312575 | 0 | 100 |

## 1-6 <u>പദ്ധതി അവലോകനം.</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 138 | 43854910 | 106 | 27647731 | 22 | 10 | 76.81 |

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികൾ | നടപ്പിലാക്കിയ പദ്ധതികൾ | ആകെ അടങ്കൽ തുക | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6 | 5 | 2547500 | 1091720 | 42.85 |
| 2 | വെറ്റിനറി സർജൻ | 8 | 7 | 1832306 | 948748 | 51.77 |
| 3 | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 4 | 3 | 935200 | 542854 | 58.04 |
| 4 | മെഡിക്കൽ ഓഫീസർ (ആയ്യുർവേദം) | 5 | 5 | 940000 | 921433 | 98.02 |
| 5 | വി ഇ ഒ | 10 | 9 | 7121200 | 4407120 | 61.88 |
| 6 | ഐസിഡിഎസ് സൂപ്പർവൈസർ | 4 | 4 | 4170000 | 4005080 | 96.04 |
| 7 | അസിസ്റ്റന്റ് എഞ്ചിനീയർ | 50 | 39 | 17495553 | 9780171 | 55.9 |
| 8 | അസിസ്റ്റന്റ് സെക്രട്ടറി | 25 | 17 | 3646468 | 2798802 | 76.75 |
| 9 | സെക്രട്ടറി | 26 | 17 | 5160683 | 3151803 | 61.07 |
| ആകെ | | 138 | 106 | 43854910 | 27647731 | 63.04 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-2017 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 5.18 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2897051 | 3689220 | (+)792169 | (+)27.34 |
| നികുതിയേതര വരവുകൾ | 1210870 | 631678 | (-)579192 | (-)47.83 |
| മറ്റുവരവുകൾ | 0 | 0 | 0 | |
| ആകെ | 4107921 | 4320898 | 212977 | (+)5.18 |

# 1-8 ക്ഷേമപദ്ധതികൾ

2016-2017 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2016-17 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 334200 | 199 |
| കർഷകതൊഴിലാളി പെൻഷൻ | 7339180 | 805 |
| വിധവാപെൻഷൻ | 10475200 | 810 |
| വാർദ്ധക്യകാലപെൻഷൻ | 14259070 | 1343 |
| വികലാംഗപെൻഷൻ | 2221325 | 233 |

| | | |
|---|---|---|
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 293600 | 31 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 390000 | 13 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-08-17 മുതൽ 22-08-17 വരെ | 01-04-17 മുതൽ 31-07-17 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-08-14 മുതൽ 02-09-14 വരെ | 2009-10 മുതൽ 2013-14 വരെ | 23-10-14 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-09-2017 ന് 3.30 pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2069/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തരനിയന്ത്രണം.

1994ലെ കേ. പി ആർ നിയമത്തിലെ 180ാം വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജീവനക്കാരും (റഗുലർ ജീവനക്കാർ ) സർക്കാർ ജീവനക്കാർ എന്നനിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുന്ന നിയമാനുസൃത ഉത്തരവുകൾ നിർവഹിക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് ത.സ്വ.ഭ .വ സെക്രട്ടറിയുടെ 3.11.2006 ലെ 45778/പി എ 3/2006 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചാത്ത് ഡയരക്ടർ 18/1/2007 ലെ H1/13880/2006 പുറപ്പെടുവിച്ച പ്രത്യേക കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം ശക്തിപ്പെടുത്തേണ്ടുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രധാന വിവരങ്ങൾ താഴെ കൊടുക്കുന്നു.

(ഒന്ന്) സ്റ്റാഫ് മീറ്റിങ് : ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമപഞ്ചാത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ സെക്രട്ടറി ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച ചേർക്കുവാൻ ബാധ്യസ്ഥനാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷത്തിൽ ഗ്രാമപഞ്ചാത്തിൽ ഒരുതവണ മാത്രമാണ് സ്റ്റാഫ് മീറ്റിങ് ചേർന്നത്.ഇത് ഗുരുതര വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ ഗ്രാമപഞ്ചാത്ത് ഡയരക്ടറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(രണ്ട്) വ്യക്തി വിവര റജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്: ഗ്രാമപഞ്ചാത്തിൽ വിവിധ തസ്തി കകളിൽ (വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ തലവനടക്കമുള്ളത്) വിവിധകാലയളവുകളിൽ സേവനമ നുഷ്ഠിച്ചവരുടെ പേര്,വിലാസം,സേവനകാലയളവ് , സ്ഥലം മാറ്റ വിവരം, മേൽ ഖണ്ഡിക 2പ്രകാരം അവർക്കെതിരേയുള്ള ഓഡിറ്റ് പരാമർശം എന്നീ വിവരങ്ങൾ അടങ്ങിയ റജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

(മൂന്ന്) ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് അതാത് സമയം നിർദേശങ്ങൾ നൽകി വരുന്നുണ്ട്.

## 1- 12 ഗ്രാമസഭകൾ

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 15 വാർഡുകളിലെയും ഗ്രാമ സഭാ മിനിട്സ് ഹാജരാക്കിയത് പരിശോധിച്ചു. ഓഡിറ്റ് കാലയളവിൽ 2 വീതം ഗ്രാമസഭകൾ മാത്രമേ ചേർന്നിട്ടുള്ളൂ. വാർഷിക പദ്ധതി റിപ്പോർട്ട് അവതരണം വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ പരിശോധിച്ച് അർഹരായവർക്കുള്ള മുൻഗണനാക്രമം നിശ്ചയിക്കൽ, പദ്ധതി ആസൂത്രണം, ഉണഭോക്തൃ തിരഞ്ഞെടുപ്പ്, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കൽ, സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പരിഗണിക്കൽ, ശുചിത്വമിഷന്റെ പ്രവർത്തനം എന്നിവ സംബന്ധിച്ച ചർച്ചകൾ ഗ്രാമസഭയിൽ നടത്തിയിട്ടുണ്ട്.

എല്ലാ ഗ്രാമസഭായോഗങ്ങളിലും ക്വോറം തികഞ്ഞിട്ടുണ്ടെങ്കിലും നിയമപ്രകാരം ആവശ്യമായ കുറഞ്ഞ പങ്കാളിത്തം മാത്രമേ ചില യോഗങ്ങളിൽ ഉണ്ടായിട്ടുള്ളൂ.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല

തൻവർഷത്തെ വാർഷിക കണക്ക് പ്രകാരം ഗ്രാമപഞ്ചായത്തിന് 618706.90 രൂപ വസ്തുനികുതിയിനത്തിൽ കുടിശ്ശിക ഉണ്ട്.എന്നാൽ കുടിശ്ശിക സംബന്ധിച്ച വർഷം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.കൂടാതെ മുൻ വർഷത്തെ കുടിശ്ശികയും ഈ വർഷത്തെ കളക്ഷനും തമ്മിലുള്ള വ്യത്യാസമല്ല ഈ വർഷത്തെ കുടിശ്ശികയായി വാർഷിക കണക്കിൽ കാണിച്ചിരിക്കുന്നത്.മുൻ വർഷത്തെ കുടിശ്ശികയായി വാർഷിക ധനകാര്യപത്രികയിൽ കാണിച്ചിരിക്കുന്നത് 299199 രൂപയാണ് എന്നാൽ വാർഡ് XII ലെ അഗ്രീൻകൊ എന്ന സ്ഥാപനത്തിൽ നിന്നു തന്നെ 735479 രൂപ മുൻവർഷ കുടിശ്ശികയായി പിരിച്ചെടുക്കുവാനുണ്ട്,അതിനാൽതന്നെ വസ്തുനികുതിയിനത്തിലെ കുടിശ്ശികയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കുവാനായിട്ടില്ല. സഞ്ചയ – സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയാക്കി വസ്തുനികുതിയിനത്തിലെ കുടിശ്ശികയുടെ കൃത്യത ഉറപ്പാക്കേണ്ടതും അവ പിരിച്ചെടുക്കുവാനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 2-2 മാനുവൽ രശീതി ഉപയോഗം ജാഗ്രത പാലിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിലെ മാനുവൽ രശീതികൾ ഉപയോഗിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുകയുണ്ടായി വിശദവിവരം ചുവടെ നൽകുന്നു.

1.ക്യാൻസൽ ചെയ്ത രശീതിയുടെ കാർബൺകോപ്പി ലഭ്യമാക്കിയിട്ടില്ല, ക്യാൻസൽ ചെയ്ത രശീതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| റസീറ്റ് നം.തീയ്യതി | തുക |
|---|---|
| 8763/51 30.03,2017 | 85 |

2.സാമ്പത്തിക വർഷം ഇഷ്യൂചെയ്ത് ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല

| റസീറ്റ് ബുക്ക് നം | റസീറ്റുകൾ |
|---|---|
| 8763 | 52 മുതൽ 100 വരെ |
| 33263 | 57 മുതൽ 100 വരെ |
| 33265 | 16 മുതൽ 100 വരെ |
| 33266 | 17 മുതൽ 100 വരെ |

| | |
|---|---|
| 8750 | 90 മുതൽ 100 വരെ |
| 8748 | 88മുതൽ 100 വരെ |

3.സാമ്പത്തിക വർഷം വിതരണം ചെയ്ത താഴെപ്പറയുന്ന റസീറ്റ് ബുക്കുകൾ ഉപയോഗിച്ചിട്ടില്ല

| റസീറ്റ് ബുക്ക് നം | |
|---|---|
| 33267 | കൃഷി ഓഫീസ്സർ |
| 33271 | വെറ്റിനറി സർജൻ |
| 8749 | വെറ്റിനറി സർജൻ |
| 8752 | വെറ്റിനറി സർജൻ |

4.ഗുണഭോക്താക്കൾ അടവാക്കേണ്ട വിഹിതം വാർഡ് മെമ്പർ മാരുടെ പേരിൽ അടവാക്കി

കൃഷി ഓഫീസ്സർ നടപ്പിലാക്കിയ പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം വാർഡ് മെമ്പർമാർ മൊത്തമായി അടവാക്കുകയാണ് ചെയ്തത് ചില ഉദാഹരണഹങ്ങൾ ചുവടെ നൽകുന്നു.

| റസീറ്റ് നം തീയ്യതി | തുക | അടവാക്കിയ വ്യക്തി |
|---|---|---|
| 33263/71 8.2.17 | 4680 | ഓമന ടീച്ചർ വാർഡ് I മണ്ണേരി |
| 33263/77 8.2.17 | 3360 | ഷഹന വാർഡ് X പൂവ്വം |
| 33263/73 8.2.17 | 3660 | കെപി ബാബു വാർഡ് V ആര്യങ്കോട് |

8.2.2017,20.2.2017 തീയ്യതികളിൽ ഗുണഭോക്തൃ വിഹിതമായി 244780 രൂപ മെമ്പർമാരുടെ പേരിൽ അടവാക്കിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി കാർബൺ കോപ്പി ഉള്ളടക്കം ചെയ്യാത്ത രശീതിയിലെ തുക അടവാക്കിയതായും,ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്തതായും ഉപയോഗിക്കാത്ത രശീതി ബുക്കുകൾ തിരികെ നൽകിയതായും അറിയിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിലെ ബി4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ 269938 രൂപ നീക്കിബാക്കിയുണ്ട്. ഗുണഭോക്തൃ വിഹിതം വാർഡ്

മെമ്പർമാരുടെ പേരിൽ അടവാക്കുമ്പോൾ പദ്ധതി പൂർണ്ണമായി നടപ്പിലാക്കിയില്ലെങ്കിൽ തുക തിരിച്ച് നൽകുമ്പോൾ പരാതിക്ക് ഇടവരുത്തുന്നതാണ്, ആയതിനാൽ ഗുണഭോക്തൃ വിഹിതം യഥാർത്ഥ ഗുണഭോക്താവിന്റെ പേരിൽ അടവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് ഒടുക്കാൻ വാങ്ങിക്കുന്നതുകയിൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ് ആക്ട് 1996 (ആക്ട് ഓഫ് 1996 ) ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവ് തുകയുടെ 1% ചെലവിന്റ് ഉറവിടത്തിൽ നിന്നു തന്നെ വസൂലാക്കി കേരള കെട്ടിട നിർമ്മാണക്ഷേമനിധി ബോർഡിൽ അടക്കുന്നതിനും ഇപ്രകാരം വസൂലാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജിനത്തിൽ അതതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കി തനത് ഫണ്ടിൽ ഒടുക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം നാളിതുവരെയായി ഗ്രാമപഞ്ചായത്ത് കളക്ഷൻ ചാർജിനത്തിൽ തുക ഈടാക്കിയിട്ടില്ല. തുടർവർഷങ്ങളിൽ ഇപ്രകാരം തുക ഈടാക്കേണ്ടതാണ്.

## 2-4 പരസ്യ നികുതി ഈടാക്കുന്നില്ല.

ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ ചുവരിൻമേലോ പരസ്യപ്പലകയിൻമേലോ എടുപ്പിൻമേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ ഏതെങ്കിലും പരസ്യം കുത്തനെ നിർത്തുകയോ, പ്രദർശിപ്പിക്കുകയോ ഉറപ്പിച്ചു കൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരു പരസ്യത്തിനും 1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം പരസ്യ നികുതി ചുമത്തണമെന്ന് വ്യവസ്ഥയുണ്ട്. 209-ാം വകുപ്പ് പ്രകാരം പരസ്യങ്ങൾക്ക് ചുമത്താവുന്ന ഏതൊരു നികുതിയും പിരിക്കാനുള്ള അവകാശം സെക്രട്ടറിക്ക് 256-ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയ ബൈലോകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിൻമേലും നിബന്ധനകളിൻമേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതാണ് എന്ന് സെക്ഷൻ 209 ഡി യിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള ഒരു നികുതി ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും യാതൊരു നടപടികളും ഉണ്ടായിട്ടില്ല.

ഇത്തരത്തിലുള്ള വരുമാന സ്രോതസ്സുകളിലൂടെ ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കിയതുമൂലം ഗ്രാമപഞ്ചായത്തിന് 231 രൂപയുടെ നഷ്ടം. നികുതി പുനർനിർണ്ണയിച്ച് ബന്ധപ്പെട്ട രേഖകളിൽ മാറ്റം വരുത്തേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ 30.4.2011 ലെ 60/2011 തീരുമാനത്തിലെ പട്ടിക 7 (ii) പ്രകാരം ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ള വസ്തുനികുതി 40/സ്ക്വ.ഫീറ്റ് ആണ് എന്നാൽ താഴപ്പറയുന്ന കെട്ടിടത്തിൽ നിന്ന് വസ്തുനികുതി കുറവായാണ് ഈടാക്കിയത് വിശദവിവരം ചുവടെ

നൽകുന്നു.

ഫയൽ നം. എ2.3063/16 4.07.2016

കെട്ടിട നംപർ. XI-375 E

പേര്-കിണാക്കുൽ അബ്ദുൾ സലാം

കെട്ടിടത്തിന്റെ തരം-ഇതര വ്യവസായ കെട്ടിടം(ഹോളോബ്രിക്സ് നിർമ്മാണ യൂനിറ്റ്)

തറ വിസ്തീർണ്ണം-20 M2

റസീറ്റ് നം. 11602100697 തീ. 5.07.2016

| ഈടാക്കിയത്@30 | ഈടാക്കേണ്ടത് @40 | കുറവ് |
|---|---|---|
| അടിസ്ഥാന വസ്തുനികുതി-600<br>ഇളവ് -60<br>വര്ദ്ധനവ് -120 | അടിസ്ഥാന വസ്തുനികുതി-800<br>ഇളവ് -80<br>വര്ദ്ധനവ് -160 | |
| വസ്തുനികുതി -660<br>ലൈബ്രറി സെസ് -33<br>ആകെ -693 | വസ്തുനികുതി -880<br>ലൈബ്രറി സെസ് -44<br>ആകെ -924 | 231 |

കുറവായ വസ്തുനികുതി ഈടാക്കേണ്ടതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി തുക അടവാക്കിയ രശീതി ഹാജരാക്കിയിട്ടുണ്ട്,നികുതി പുനർ നിർണ്ണയിച്ചത് ബന്ധപ്പെട്ട രേഖകളിൽ രേഖപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 തൊഴിൽ നികുതി അപാകങ്ങൾ

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും, വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ബി.എസ്.എൻ.എൽ – പടിയൂർ

ബി.എസ്.എൻ.എൽ. – ബ്ലാത്തൂർ- ഒന്നും രണ്ടും അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ സി.ഡി.എസ് അക്കൗണ്ടന്റ് - ഒന്നും രണ്ടും അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.അക്ഷയ കേന്ദ്രങ്ങൾ ,റേഷൻ കടകൾ എന്നിവയിൽ നിന്നും തൊഴിൽ-നികുതി ഈടാക്കിയിട്ടില്ല.

പടിയൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങളായ പടിയൂർ, ബ്ലാത്തൂർ എന്നിവയിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും, 8 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന അന്വേഷണകുറിപ്പിന് മറുപടിയായി തൊഴിൽ നികുതി അടവാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് അറിയിച്ചത്, മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി അടവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. നോട്ടീസ് നൽകിയിട്ടില്ല

പടിയൂർ ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷം വാണിജ്യാവശ്യത്തിനുള്ള കെട്ടിടം എന്ന നിലയിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ ഉടമകളിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെ.205 ബി.പ്രകാരം, തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥ രായവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടില്ല ഓരോ വർഷവും പുതുതായി നമ്പർ നൽകുന്ന കെട്ടിടങ്ങളിൽ നിന്നും ഇത്തരത്തിൽ നോട്ടീസ് നൽകി തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായവരുടെ വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 ഡി.&ഒ ലൈസൻസ് അപാകങ്ങൾ

പടിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ ഡി.&ഒ.ലൈസൻസ് അപേക്ഷകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ ഉള്ളതായി കാണുന്നു.

1.ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം

ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുൻപായും പുതുതായി തുറക്കേണ്ട സ്ഥലങ്ങൾക്കുള്ള ലൈസൻസിനുള്ള അപേക്ഷ അവ തുറക്കുന്നതിന് 30 ദിവസത്തിന് മുൻപായും സമർപ്പിക്കേണ്ടതാകുന്നു. എന്നാൽ പടിയൂർ ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ വളരെ വൈകിയാണ് സമർപ്പിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകൻ | വാർഡ്/കെട്ടിട നം. | അപേക്ഷ തിയ്യതി |
|---|---|---|---|
| 1 | മേരി ജോസഫ് | V/40 | 25.06.2016 |
| 2 | ടോംതോമസ് | III/181 | 13.06.201 |

യഥാസമയം ലൈസൻസ് പുതുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2.റേഷൻ കടകൾക്ക് ഡി&ഒ ലൈസൻസ് നൽകിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ പദ്ധതിരേഖയുടെ അടിസ്ഥാന വിവരങ്ങൾ പ്രകാരം 8 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്, ആയതിന് ഡി&ഒ ട്രേഡ് ലൈസൻസ് നൽകിയിട്ടുണ്ടോ എന്നറിയുന്നതിന് വേണ്ടി നൽകിയ അന്വേഷണത്തിന് മറുപടിയായി പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുവാൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് അറിയിച്ചത്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ 3-ാം ചട്ട പ്രകാരമുള്ള പട്ടിക 1-ലെ ക്രമ നം. 149 ആയി ഉൾപ്പെടുന്ന റേഷൻ കടകളെ ലൈസൻസ് പരിധിയിൽ വരുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കൃഷി-വിവിധ പദ്ധതികൾക്ക് പദ്ധതിപണം മാത്രം വിനിയോഗിച്ചത് ക്രമപ്രകാരമല്ല - 261909/- രൂപ ക്രമീകരിക്കേണ്ടതാണ്

2016-17 വർഷത്തേക്കുള്ള സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ്) 4/2016 തസ്വഭവ തീയ്യതി 11-01-2016 ഖണ്ഡിക 3.1 ൽ കാർഷിക മേഖലയിൽ വിവിധ ഇനങ്ങൾക്ക് നൽകാവുന്ന പരമാവധി സബ്സിഡി എത്രയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പടിയൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളിൽ ഗുണഭോക്തൃവിഹിതം ഈടാക്കാതെ പദ്ധതി പണം മാത്രം ചെലവഴിച്ചതിനാൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും കൂടുതൽ തുക പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ചിട്ടുണ്ട്.ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

കാർഷിക മേഖലയിൽ ഗ്രാമപഞ്ചായത്ത് ആകെ 6 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതികളിൽ ഗ്രോബാഗ്- പച്ചക്കറി കൃഷിക്ക് സബ്സിഡി (113/2017),സബ്സിഡി നിരക്കിൽ ഫലവൃക്ഷതൈകളുടെ കിറ്റ് വിതരണം (115/2017),സബ്സിഡി നിരക്കിൽ കിഴങ്ങു വർഗ്ഗ വിളകളുടെ വിത്ത് വിതരണം(116/2017),

സബ്സിഡി നിരക്കിൽ ടിഷ്യുകൾച്ചർ വാഴതൈ വിതരണം(117/2017) എന്നീ പ്രൊജക്ടുകൾക്കാണ് ഗുണഭോക്തൃവിഹിതം വിനിയോഗിക്കാതെ പദ്ധതി പണം മാത്രം ചെലവഴിച്ചിട്ടുള്ളത്

| ക്രമനം | പ്രൊജക്ട് നം | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ബിൽ നമ്പർ,തുക |
|---|---|---|---|---|
| 1 | 113/2017 | ഗ്രോബാഗ്- | 412500- | 05/2016-17 തീയ്യതി |

| | | | | |
|---|---|---|---|---|
| | | പച്ചക്കറി കൃഷിക്ക് സബ്സിഡി | വികസനഫണ്ട് 375000- ഗുണഭോക്തൃവിഹിതം | 18-03-2017-359290 |
| 2 | 115/2017 | സബ്സിഡി നിരക്കിൽ ഫലവൃക്ഷതൈകളുടെ കിറ്റ് വിതരണം | 112500- വികസനഫണ്ട് 37500- ഗുണഭോക്തൃവിഹിതം | 06/2016-17 തീയ്യതി 18-03-2017-75300 |
| 3 | 116/2017 | സബ്സിഡി നിരക്കിൽ കിഴങ്ങു വർഗ്ഗ വിളകളുടെ വിത്ത് വിതരണം | 112500- വികസനഫണ്ട് 37500- ഗുണഭോക്തൃവിഹിതം | 03 /2016-17 തീയ്യതി 18-03-2017-93500 |
| 4 | 117/2017 | സബ്സിഡി നിരക്കിൽ ടിഷ്യൂകൾച്ചർ വാഴതൈ വിതരണം | 270000- വികസനഫണ്ട് 9000- ഗുണഭോക്തൃവിഹിതം | 04/2016-17 തീയ്യതി 18-03-2017-228080 07/2016-17 തീയ്യതി 30-03-2017-26775 ഗുണഭോക്തൃവിഹിതം-8925 |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഓരോ ഇനത്തിനും നൽകാവുന്ന സബ്സിഡി വള്ളരെ വ്യക്തമായി പരാമർശിച്ചിട്ടുണ്ട്.എന്നാൽ അതിൽ നിന്നും വ്യത്യസ്ഥമായിട്ടാണ് പദ്ധതി പണം ചെലവഴിച്ചിട്ടുള്ളത്.ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | പ്രൊജക്ടിന്റെ പേര് | അനുവദനീയമായ സബ്സിഡി | നൽകിയ സബ്സിഡി | അധികം നൽകിയ സബ്സിഡി | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഗ്രോബാഗ്- പച്ചക്കറി | 50% (അതായത് | 329840 | 164920 | പ്രസ്തുത തുകയിൽ നിന്നും 329840 രൂപ |

| | | | | | |
|---|---|---|---|---|---|
| | കൃഷിക്ക് സബ്സിഡി | 164920 രൂപ) | | | ഉപയോഗിച്ച കൊണ്ട് റെയ്ഡ്കോവിൽ നിന്നും 17.50 രൂപ നിരക്കിൽ 18848 എണ്ണം ഗ്രോ ബാഗ് വാങ്ങിച്ചിട്ടുണ്ട്.കൂടാതെ 29450 രൂപയക്ക് VFPCK പാലക്കാടിൽ നിന്നും 23.420 കിലോ വിവിധ ഇനം പച്ചക്കറി വിത്തുകളും വാങ്ങിച്ചിട്ടുണ്ട്. പണത്തിൽ നിന്ന് ചെലവഴിച്ചതിനാൽ 164920 രൂപ അധികം നൽകിയിട്ടുണ്ട്. |
| 2 | സബ്സിഡി നിരക്കിൽ ഫലവൃക്ഷ തൈകളുടെ കിറ്റ് വിതരണം | 75% (അതായത് 56475 രൂ) | 75300 | 18825 | പ്രസ്തുത തുക ഉപയോഗിച്ച കൊണ്ട് കാസർഗോഡ് കൃഷി ബിസിനസ് കേന്ദ്രയിൽ നിന്നും 1255 എണ്ണം വിവിധ ഇനം ഫലവൃക്ഷ തൈകൾ വാങ്ങിച്ചിട്ടുണ്ട്. |
| 3 | സബ്സിഡി നിരക്കിൽ കിഴങ്ങു വർഗ്ഗ | 75% (അതായത് 70125 രൂ) | 93500 | 23375 | പ്രസ്തുത തുക ഉപയോഗിച്ച കൊണ്ട് കാസർഗോഡ് കൃഷി |

| | | | | | |
|---|---|---|---|---|---|
| | വിളകളുടെ വിത്ത് വിതരണം | | | | ബിസിനസ് കേന്ദ്രയിൽ നിന്നും 187 പാക്കറ്റ് കിഴങ്ങ് വർഗ്ഗ വിളകളുടെ വിത്ത് വാങ്ങിച്ചിട്ടുണ്ട് |
| 4 | സബ്സിഡി നിരക്കിൽ ടിഷ്യുകൾച്ചർ വാഴതൈ വിതരണം | 75% (അതായത് 200066 രൂ) | 254855<br>8925<br>(ഗുണഭോക്തൃവിഹിതം) | 54789 | പ്രസ്തുത തുകകളും ഗുണഭോക്തൃവിഹിതമായി പിരിച്ചെടുത്ത 8925 രൂപയുമടക്കം ആകെ 263780 ഉപയോഗിച്ചു കൊണ്ട് VFPCK പാലക്കാട് നിന്നും 20 രൂപ നിരക്കിൽ 13189 എണ്ണം ടിഷ്യു കൾച്ചർ വാഴതൈകൾ വാങ്ങിച്ചിട്ടുണ്ട്. |
| ആകെ | | | | 261909 | |

പ്രസ്തുത പദ്ധതികളിൽ ഗുണഭോക്തൃ വിഹിതം ഉപയോഗിക്കാതെ മുഴുവൻ തുകയും പദ്ധതി പണത്തിൽനിന്നും വിനിയോഗിച്ചത് ക്രമപ്രകാരമല്ല. ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ (ബി.4 പട്ടിക) ഗുണഭോക്തൃ വിഹിതമായി 269938 രൂപ നീക്കിയിരിപ്പുണ്ട്. മേൽ പദ്ധതികൾക്ക് ക്രമവിരുദ്ധമായി ചെലവഴിച്ച 261909/- രൂപ ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-2 വൈദ്യുതി കണക്ഷൻ ലഭ്യമാക്കാതെ വയോജനവിശ്രമകേന്ദ്രങ്ങൾക്ക് ടി വി സെറ്റുകൾ വാങ്ങിച്ചു നൽകി. ചെലവ് തുക 74925 രൂപ തടസപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന പടിയൂർ, കല്ല്യാട്, കുയിലൂർ വയോജനവിശ്രമകേന്ദ്രങ്ങൾക്ക് ടി വി സെറ്റുകൾ വാങ്ങിച്ചു നൽകുക എന്ന പദ്ധതി 2016-17 വർഷം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പടിയൂർ,കല്ല്യാട് എന്നീ

വയോജനവിശ്രമകേന്ദ്രങ്ങൾക്ക് വയറിംഗ് പ്രവർത്തി നടത്താതെയാണ് ടി വി സെറ്റുകൾ വാങ്ങിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 38/2017 |
| പ്രൊജക്റ്റിന്റെ പേര് | പടിയൂർ,കല്ല്യാട് ,കുയിലൂർ വയോജനവിശ്രമകേന്ദ്രങ്ങൾക്ക് ടി വി സെറ്റുകൾ നൽകൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നമ്പർ,തുക | 18/2016-17 തീയ്യതി 08-03-2017-64200(വികസനഫണ്ട്)<br>വൗച്ചർനമ്പർ 21600936 തീയ്യതി 10-03-2017- 10725 (തനത് ഫണ്ട്) |
| ഫണ്ട് ഇനം | വികസനഫണ്ട്,തനത് ഫണ്ട് |

പ്രസ്തുത തുക ഉപയോഗിച്ച് 3 LED TV യും വിഗാർഡ് സ്റ്റബിലൈസറും വാങ്ങിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഇലക്ട്രോണിക്ക് ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

ചെലവ് സ്റ്റേറ്റ്മെന്റ് (സുലേഖ പ്രകാരം) പരിശോധിച്ചതിൽ 2016-17 വർഷം തന്നെ പ്രൊജക്റ്റ് നമ്പർ 36/2017 പ്രകാരം പടിയൂർ ,കല്ല്യാട് വയോജനവിശ്രമകേന്ദ്രങ്ങൾക്ക് വയറിംഗ് എന്ന പദ്ധതിയ്ക്കും അംഗീകാരം വാങ്ങിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികൾ 2016-17 ൽ നടപ്പിലാക്കിയിട്ടുമില്ല. ടി വയോജനവിശ്രമകേന്ദ്രങ്ങൾക്ക് വയറിംഗ് നടത്താതെ ടി വി വാങ്ങിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഒരേ വർഷം തന്നെ രണ്ട് പ്രവൃത്തികളും പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെന്നും എന്നാൽ വയറിംഗ് പ്രവൃത്തിയുടെ നടപടിക്രമത്തിലുണ്ടായ കാലതാമസം മൂലം ടി വർഷം പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ പ്രവൃത്തി പൂർത്തീകരിക്കുകയും കുയിലൂർ വയോജനവിശ്രമകേന്ദ്രത്തിൽ ടിവി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മറ്റ് രണ്ട് സ്ഥലങ്ങളിലും വയറിംഗ് പ്രവർത്തി പൂർത്തീകരിച്ച് വൈദ്യുതി കണക്ഷനായി കെ.എസ്.ഇ.ബി.യി-ൽ അപേക്ഷ നൽകിയിട്ടുണ്ടെന്നും ആയത് 15-10-2017 നുള്ളിൽ സ്ഥാപിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

പ്രഥമിക ഭൗതിക സൗകര്യങ്ങൾ ഒരുക്കാതെ ഇത്തരം പദ്ധതികൾ നടപ്പിലാക്കിയത് ഉചിതമായ നടപടിയല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ചെലവ് തുക 74925 രൂപ തടസപ്പെടുത്തുന്നു.

## 3-3 <u>പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ട പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ധനസഹായം-പദ്ധതി മാർഗ്ഗരേഖ നിർദേശങ്ങൾ</u>

<u>പാലിച്ചില്ല.ചെലവ് തുക തടസപ്പെടുത്തുന്നു.</u>

2016-17 വർഷം പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ട മൂന്ന് വിദ്യാർത്ഥിനികൾക്ക് പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്കുള്ള ധനസഹായം നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6.8 (1) പ്രകാരം മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നതിന് 25000 രൂപ വരെ നൽകാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വിദ്യാർത്ഥികൾ ശ്രീ ശങ്കരാചാര്യ കമ്പ്യൂട്ടർ സെന്റർ ഇരിട്ടി എന്ന സ്ഥാപനത്തിൽ Sankaracharya Accounts,Management & Banking Allied Training.Indian Foreign Accounting എന്ന കമ്പ്യൂട്ടർ കോഴ്സ് എന്നത് പഠിക്കുന്നതിനാണ് ധനസഹായം നൽകിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനത്തിന്റെ അംഗീകാരമോ കോഴ്സിന്റെ അംഗീകാരമോ ലഭ്യമല്ല. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ട പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ധനസഹായം |
| പ്രൊജക്ട് നമ്പർ | 44/2017 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ നമ്പർ,തുക | • 6/2016-17 തീയ്യതി 22-12-2016-62100 |
| ഫണ്ട് ഇനം | ടി എസ് പി |

മേൽ കൊടുത്ത പദ്ധതി പ്രകാരം ശ്രീ ശങ്കരാചാര്യ കമ്പ്യൂട്ടർ സെന്റർ ഇരിട്ടി എന്ന സ്ഥാപനത്തിൽ Sankaracharya Accounts,Management & Banking Allied Training.Indian Foreign Accounting എന്ന കമ്പ്യൂട്ടർ കോഴ്സിന് പഠിച്ച മനീഷ.സി, ഗ്രീഷ്മ.സി, രേഷ്മ.സി.കെ എന്നീ വിദ്യാർത്ഥിനികൾക്ക് ധനസഹായമായി 20700 രൂപ വീതം ബന്ധപ്പെട്ട സ്ഥാപനത്തിൽ ഒടുക്കിയതിന്റെ രശീതി ഹാജരാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട കോഴ്സിന്റേയും സ്ഥാപനത്തിന്റെയും അംഗീകാരവും കോഴ്സിന് ചേർന്ന് വിദ്യാർത്ഥികൾ ആയത് പൂർത്തീകരിച്ചതിന്റെയും വിവരങ്ങൾ ഹാജരാക്കേണ്ടതാണ്. ചെലവ് തുക 62100/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 <u>ഒരേ ദിവസം രണ്ട് തവണ മാലിന്യ ശേഖരണത്തിന് തുക നൽകി -1300 രൂപ തടസപ്പെടുത്തുന്നു</u>

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നിന്നും പ്ലാസ്റ്റിക്ക് ഖരമാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത കേന്ദ്രത്തിൽ എത്തിക്കുന്നതിനുവേണ്ടി കരാർ വെച്ചിട്ടുണ്ട്. ആയത് പ്രകാരം ഒരു ദിവസം പൂർണ്ണമായും ഓടുന്നതിന് വണ്ടി വാടക ഇനത്തിൽ പ്രതിദിനം 1300 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. ആയത് പ്രകാരം 13-02-2017 മുതൽ 28-02-2017 വരെയുള്ള 9 ദിവസങ്ങളിൽ വണ്ടി ഓടിയതിന്റെ രേഖകൾ പരിശോധിച്ചതിൽ 28-02-2017 ദിവസം വണ്ടി

ഓടിയതിന് 2600 രൂപ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 112/2017 |
| പ്രൊജക്ടിന്റെ പേര് | ആരാമം ശുചിത്വം പ്ലാസ്റ്റിക്ക് നിർമ്മാർജനം-ഖരമാലിന്യ സംസ്കരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ |
| ചെക്ക് നം,തുക | 1144090 തീയ്യതി 30-03-2017,24000 |
| ഫണ്ട് ഇനം | തനത് ഫണ്ട് |

മേൽ കൊടുത്ത ചെക്കിലെ 13000 രൂപ ചെലവഴിച്ചിട്ടുള്ളത് 13-02-2017 മുതൽ 16-02-2017 വരെയും 20-02-2017 മുതൽ 23-02-2017 വരെയും 28-02-2017 തീയ്യതിയിലെയും വണ്ടി വാടക നൽകുന്നതിനുവേണ്ടിയാണ്.മേൽ കൊടുത്ത 9 ദിവസത്തിന് നൽകേണ്ട വണ്ടി വാടക 11700 രൂപ മാത്രമാണ്.എന്നാൽ പ്രസ്തുത ദിവസങ്ങളിലെ വാടകയായി നൽകിയത് 13000 രൂപയാണ്. ആയത് പ്രകാരം 1300 രൂപ അധികം നൽകിയിട്ടുണ്ട്. ഇപ്രകാരം അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 26-02-2017 എന്ന് എഴുതേണ്ടതിന് പകരം 28-02-2017 എന്ന് എഴുതി പോയതാണെന്നും അറിയിച്ചിട്ടുണ്ട്. 26-02-2017 ന് വണ്ടി ഓടിയിട്ടുണ്ടെങ്കിൽ ആധാരമായ രേഖകൾ ഹാജരാക്കേണ്ടതാണ്. അധികമായി ചെലവ് ചെയ്ത തുക 1300 രൂപ തടസപ്പെടുത്തുന്നു.

## 3-5 കമ്മ്യൂണിറ്റി ഹാളുകളിലേക്ക് ഫർണ്ണിച്ചർ വാങ്ങിയത്-സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

മുയ്യേരി കോളനി കമ്മ്യൂണിറ്റി ഹാളിലേക്കും മണ്ണേരി ചടച്ചിക്കണ്ടം-മാങ്കുഴി ആര്യക്കോട് എസ്.സി കോളനി കമ്മമ്യൂണിറ്റി ഹാളിലേക്കും ഗ്രാമപഞ്ചായത്ത് ഫർണ്ണിച്ചറുകൾ വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഫർണ്ണിച്ചറുകൾ ബന്ധപ്പെട്ട കമ്മ്യൂണിറ്റി ഹാളുകളിലേക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

(എ)

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | മുയ്യേരി കോളനി കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ |
| പ്രൊജക്ട് നമ്പർ | 50/2017 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

| | |
|---|---|
| ബിൽ നമ്പർ,തുക | 6/2016-17 തീയ്യതി 07-03-2017-123949 |
| ഫണ്ട് ഇനം | എസ് സിപി |

പ്രസ്തുത പദ്ധതി പ്രകാരം കാഡ്കോവിൽ നിന്നും ഒരു സ്റ്റീൽ ടേബിളും 50 ഫൈബർ നീൽകമൽ കസേരകളും മുയ്യേരി കോളനി കമ്മ്യൂണിറ്റി ഹാളിലിന് വാങ്ങിച്ച നൽകിയിട്ടുണ്ട്.

(ബി)

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | മഞ്ഞേരി ചടച്ചിക്കണ്ടം-മാങ്കുഴി ആര്യക്കോട് എസ് സി കോളനി കമ്മമ്യൂണിറ്റി ഹാളിൽ ഫർണ്ണിച്ചർ വാങ്ങി നൽകൽ |
| പ്രൊജക്ട് നമ്പർ | 94/2017 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ നമ്പർ,തുക | 8/2016-17 തീയ്യതി 28-02--2017-148459 |
| ഡി ഡി നമ്പർ/ തീയ്യതി | 103794 /24-01-2017 |
| ഫണ്ട് ഇനം | ടി എസ് പി |

പ്രസ്തുത പ്രൊജക്ട് പ്രകാരം താഴെ കൊടുത്ത ഇനങ്ങളായ ഫർണ്ണിച്ചറുകൾ വാങ്ങിച്ച നൽകിയിട്ടുണ്ട്.

| ഇനം | എണ്ണം |
|---|---|
| സ്റ്റീൽ ടേബിൾ | 4 |
| ഫൈബർ കസേര | 200 |
| സ്റ്റീൽ അലമാര | 1 |

മേൽ കൊടുത്ത രണ്ട് കമ്മ്യൂണിറ്റി ഹാളുകളിലേക്കും വേണ്ടി ഫർണ്ണിച്ചറുൾ വാങ്ങിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ഇനങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തതിന്റേയും ടി സ്ഥാപനങ്ങളുടെ സ്റ്റോക്കിൽ എടുത്തതിന്റേയും രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-6 വി ഇ ഒ യുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധയുപകരണങ്ങളും വാങ്ങൽ -ബന്ധപ്പെട്ട അധികാരികളിൽ നിന്നും കാര്യക്ഷമത സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

2016-17 വർഷം വി.ഇ.ഒ-യുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധയുപകരണങ്ങളും വാങ്ങിച്ച് നൽകിയിട്ടുണ്ട്.ഇലക്ട്രോണിക്ക് ഉപകരണങ്ങൾ വാങ്ങിച്ചതിന് ശേഷം പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 131/2017 |
| പ്രൊജക്ടിന്റെ പേര് | വി ഇ ഒ യുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധയുപകരണങ്ങളും വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ |
| ബിൽ നമ്പർ,തുക | 3/2016-17 തീയ്യതി 28-03-2017-63920 |
| ഫണ്ട് ഇനം | വികസനഫണ്ട് |

മേൽ കൊടുത്ത പ്രകാരം വി.ഇ.ഒ-യുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധയുപകരണങ്ങളും വാങ്ങിച്ച് നൽകിയിട്ടുണ്ട്. എന്നാൽ നിശ്ചയിച്ച സ്പെസിഫിക്കേഷനുള്ള ഇലക്ട്രോണിക്ക് ഉപകരണങ്ങളാണ് വാങ്ങിയത് എന്നതിന് ആധാരമായ പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്ക് വിഭാഗം സാക്ഷ്യപ്പെടുത്തിയ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-7 വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ വിവിധ നിർവ്വഹണോദ്യോഗസ്ഥൻ താഴെ കൊടുത്ത പദ്ധതികളുടെ നിർവ്വഹണത്തിനായി വിവിധ സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതികൾക്ക് നൽകിയ പണം വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

(എ)

| ക്രമ നം | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | നിർവ്വഹണോദ്യോഗസ്ഥൻ | ബിൽ നമ്പർ,തുക | ഫണ്ട് ഇനം | തുക ലഭിച്ച സ്ഥാപനം |
|---|---|---|---|---|---|---|
| 1 | 107/2017 | പടിയൂർ സ്കൂൾത്തട്ട് | സെക്രട്ടറി | 10/2016-17 | വികസന | ഇരിക്കൂർ |

| | | | | | | |
|---|---|---|---|---|---|---|
| | | അംഗൻവാടി നിർമ്മാണത്തിന് പഞ്ചായത്ത് വിഹിതം | | തീയ്യതി 18-10-2016-400000 | ഫണ്ട് | ബ്ലോക്ക് പഞ്ചായത്ത് |
| 2 | 90/2017 | എ ബി സി പദ്ധതിക്ക് വിഹിതം ജില്ല പഞ്ചായത്തിന് കൈമാറൽ | സെക്രട്ടറി | വൗച്ചർനമ്പർ 21600560 തീയ്യതി 28-10-2016-100000 (തനത് ഫണ്ട്)(ഡി ഡി നം 808040 തീയ്യതി 28-10-2016) | തനത് ഫണ്ട് | ജില്ല പഞ്ചായത്ത് |
| 3 | 167/2017 | മട്ടന്നൂർ നിയമസഭാ മണ്ഡലം സമ്പൂർണ്ണ വൈദ്യുതിവത്ക്കരണം-പഞ്ചായത്ത് വിഹിതം നൽകൽ | സെക്രട്ടറി | വൗച്ചർനമ്പർ 21600997 തീയ്യതി 28-03-2017-350000 (തനത് ഫണ്ട്) | തനത് ഫണ്ട് | എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്ക് ഡിവിഷൻ ഇരിട്ടി |

മേൽ കൊടുത്ത സ്ഥാപനങ്ങളിൽ നിന്നും വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്.

## 3-8 2013-14 വർഷം ഓണം അഡ്വാൻസ് ഇനത്തിൽ നൽകിയ തുകയിൽ തിരികെ അടക്കാൻ ബാക്കിയുള്ള 8000 രൂപ ഈടാക്കിയിട്ടില്ല

2013-14 വർഷം വൗച്ചർ നമ്പർ 21300351 / 12-09-13 പ്രകാരം ഓണം അഡ്വാൻസിനത്തിൽ ഗ്രാമപഞ്ചാത്തിലെ ക്ലാർക്ക്, ശ്രീ.ഷിഹാബുദ്ദീൻ എൻ.പി. ഉൾപ്പെടെ 9 ജീവനക്കാർക്ക് 10000/- രൂപ വീതം ആകെ 90000/- രൂപ നൽകിയിരുന്നു.ഇതിൽ ശ്രീ.ഷിഹാബുദ്ദീന് നൽകിയ 10000/- രൂപയിൽ 8000/- രൂപ ഒഴികെ ബാക്കി മുൻകൂർ തുകയെല്ലാം ഈടാക്കിയിട്ടുണ്ട്. ശ്രീ.ഷിഹാബുദ്ദീൻ എൻ.പി. 17.10.2013 മുതൽ അനധികൃതമായി ജോലിക്ക് ഹാജരായിട്ടില്ല. അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്ന വിവരം സെക്രട്ടറി 28.10.2013-ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കുകയും തുടർന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 22-02-14 ലെ ഇ 1-10515/13 നടപടിക്രമം പ്രകാരം കുറ്റാരോപണ പത്രിക പുറപ്പെടുവിക്കുകയും ചെയ്തു.

.ശ്രീ.ഷിഹാബുദ്ദീൻ എൻ.പി 17-10-2013 മുതൽ അനധികൃതമായി അവധിൽ തുടരുന്നതിനാൽ ടിയാന് 01-10-13മുതൽ 16-10-13 വരെയുള്ള ശമ്പളം ഇതുവരെ നൽകിയിട്ടില്ല. ഇതു സംബന്ധിച്ച് 22-10-16 ൽ സെക്രട്ടറി എ1/9055/10 കത്ത് പ്രകാരം കുറ്റാരോപണ മെമ്മോയിൻമേൽ തുടർനടപടികൾ സ്വീകരിക്കണമെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് അപേക്ഷിച്ചിട്ടുണ്ടെങ്കിലും തുടർനടപടികൾ ഒന്നും ആയിട്ടില്ല. ഈ വിഷയത്തിലുള്ള തുടർനടപടികൾ സ്വീകരിച്ച് മുൻകൂർ നൽകിയ തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പ്രവൃത്തിക്ക് 2015-16 ൽ നൽകിയ തുക വിനിയോഗിച്ചിട്ടില്ല

ബ്ലാത്തൂർ ടൗണിലെ പൈപ്പ് ലൈൻ എക്സ്റ്റെന്റഷൻ പ്രവൃത്തിക്ക് വേണ്ടി കേരള വാട്ടർ അതോറിറ്റി വർക്ക് സബ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, തളിപ്പറമ്പ് എന്നവർക്ക് 2015-16 207000/- രൂപ നൽകിയിരുന്നു, എന്നാൽ നാളിതുവരെയായി പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. മേൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീക്കരിക്കുന്നതിനായി ഭരണസമിതിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 പൊതുടാപ്പുകളുടെ വെള്ളക്കരമൊടുക്ക്-അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ 47 പൊതുടാപ്പുകളുടെ ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 20563/- രൂപയാണ് ഒടുക്കി വരുന്നത്. ഈ വിഷയത്തിൽ കേരള വാട്ടർ അതോറിറ്റിയുമായി നടത്തിയ സംയുക്ത പരിശോധനയുടെ വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓാഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം 8/13-09-17) മറുപടിയായി എ1-385 / 16 നമ്പർ ഫയൽ ഹാജരാക്കുകയുണ്ടായി.

ഫയൽ പരിശോധിച്ചതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

(എ)പടിയൂർ ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലായി സ്ഥിതി ചെയ്യുന്ന വാട്ടർ ടാപ്പുകൾ നിലവിൽ ഉപയോഗശൂന്യം / പ്രവർത്തിക്കാത്തവയാണെന്നും ആയതിനാൽ അനാവശ്യമായി വാട്ടർ ചാർജ്ജ് ഒടുക്കേണ്ടിവരുന്നതിനാൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ടെന്നും ,വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്താൻ നടപടി സ്വീകരിക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 25-04-16 , 09-06-16 എന്നീ തീയതികളിൽ തളിപ്പറമ്പ് കെ.ഡബ്ല്യു.എ . എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചെങ്കിലും തുടർനടപടികൾ ഉണ്ടായില്ല.

(ബി).തുടർന്ന് 21-06-16 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഈ വിഷയത്തിൽ സംയുക്ത പരിശോധന നടത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുവാൻ , തിരുവനന്തപുരം ജലഭവൻ കെ.ഡബ്ല്യു.എ. മാനേജിംഗ് ഡയറക്ടറോട് അപേക്ഷിച്ചു.

തുടർന്ന് തിരുവനന്തപുരം ജലഭവൻ ഓഫീസിന്റെ നിർദ്ദേശാനുസരണം അസിസ്റ്റന്റ് എഞ്ചിനീയർ വർക്ക് സബ്ഡിവിഷൻ ഇരിക്കൂർ 20-09-16 ന് സംയുക്ത പരിശോധന നടത്താൻ തീരുമാനിച്ചു.(എ).പടിയൂർ ഗ്രാമപഞ്ചായത്തിലെ രണ്ട് ശുദ്ധജല പദ്ധതികളിൽ , ബ്ലാത്തൂർ ശുദ്ധജല വിതരണ പദ്ധതിയിൽപ്പെട്ട ടാപ്പുകളുടെ സംയുക്ത പരിശോധന 20-09-16 ന് നടത്തി.ഇതിൽ 21 ടാപ്പുകളിൽ 16 എണ്ണം പ്രവർത്തിക്കുന്നതായും 5 എണ്ണം പ്രവർത്തിക്കാത്തതായും കണ്ടു..

(ബി). ഗ്രാമപഞ്ചായത്തിലെ മറ്റൊരു ശുദ്ധജല പദ്ധതിയായ പടിയൂർ -വയത്തൂർ പദ്ധതിയുടെ

സംയുക്ത പരിശോധന നടത്തിയിരുന്നില്ല .

( സി).പടിയൂർ -വയത്തൂർ പദ്ധതിയിലെ 26 പൊതുടാപ്പുകളിൽ നിന്നും 2016 ജനവരി 6 ന് ശേഷം ശുദ്ധജലം വിതരണം ചെയ്യാൻ സാധിച്ചിരുന്നില്ല എന്ന് കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, 02-11-16 ലെ KWA/HWSD/IKR/D1-PDYR/2015 നം കത്ത് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി -തളിപ്പറമ്പ് എന്നവർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ഡി). സംയുക്ത പരിശോധനയിൽ ബ്ലാത്തൂർ പ്രദേശത്ത് കണ്ട പ്രവർത്തനക്ഷമമല്ലാത്ത 5 ടാപ്പുകളുടെയും ,പടിയൂർ പ്രദേശത്തെ 2016 ജനവരി 6 മുതൽ പ്രവർത്തനക്ഷമമല്ലാത്ത 26 ടാപ്പുകളുടെയും വാട്ടർ ചാർജ്ജിനത്തിൽ 2017 ജനവരി വരെ ഒടുക്കിയ തുക തിരികെ ലഭിക്കുവാൻ സെക്രട്ടറി 04-02-17 നം.എ1-385 / 16 കത്ത് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി , വാട്ടർ സപ്ലൈ ഡിവിഷൻ ,തളിപ്പറമ്പ് എന്നവരെ അറിയിച്ചു. എന്നാൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയ തീയതി മുതൽ ടാപ്പിന്റെ എണ്ണം 16 ആയി കുറച്ചിട്ടുണ്ടെന്നും ,മുൻകാല പ്രാബല്യത്തോടെ വാട്ടർ ചാർജ് തിരികെ നൽകാൻ നിർവ്വാഹമില്ലെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ , രേഖാമൂലം 22-02-17 സെക്രട്ടറിയെ ആറിയിച്ചു. (തദ്ദേശ സ്വയംഭരണവകുപ്പിന്റെ 23/06/2006 ലെ ജി.ഒ (ആർ.ടി).നമ്പർ 1501 / 2006 ഉത്തരവിന്റെ ഖണ്ഡിക (4) പ്രകാരം ഇത്തരത്തിൽ വെള്ളക്കരമിനത്തിൽ ഗ്രാമപഞ്ചായത്ത് തുക അധികമായി ഒടുക്കേണ്ടിവന്നിട്ടുണ്ടെങ്കിൽ, അധികമായി ഒടുക്കിയ തുക ക്രമീകരിക്കുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെടാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്)

(ഇ). തുടർന്ന് ഗ്രാമപഞ്ചായത്ത്, ജലവിതരണം ചെയ്യാതെ , അനാവശ്യമായി ഒടുക്കേണ്ടി വന്ന 168230/- രൂപ ( 5 ടാപ്പുകളുടെ തുക 01-04-16 മുതൽ 31-01-17 വരെയും, 26 ടാപ്പുകളുടെ 07-01-16 മുതൽ 31-01-17 വരെയും) തിരികെ ലഭിക്കുവാൻ ബഹുമാനപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപ്പീൽ അപേക്ഷ നൽകിയിരിക്കുകയാണ്.

വെള്ളക്കരമിനത്തിൽ അധികം ഒടുക്കിയ തുക ക്രമീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രൊജക്ടിന്റെ പേര് | മുന്നിരിപ്പ് | ലഭിച്ച തുക | ആകെ തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | സാന്ത്വന പരിചരണം | 0 | 100000 | 100000 | 85210 | 14790 |
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 2016-17 | ആരാമം-ശുചിത്വം (വർക്ക് ഷെഡ്) | 0 | 485000 | 485000 | 324127 | 160873 |
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 2016-17 | ആരാമം-ശുചിത്വം (ഖരമാലിന്യ സംസ്കരണം) | 0 | 245000 | 245000 | 151780 | 93220 |
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 2016-17 | ഗാർഹിക പൈപ്പ് കംമ്പോസ്റ്റ് | 0 | 470000 | 470000 | 303750 | 166250 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 2016-17 | ക്ഷീര കർഷകർക്ക് ബോണസ് | 0 | 116510 | 116510 | 116510 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2016-17 | നെൽ കൃഷിക്ക് കൂലി ചെലവ് | 0 | 150000 | 150000 | 0 | 150000 |

വിനിയോഗിക്കുവാൻ ബാക്കിയുള്ള തുക സത്വരമായി വിനിയോഗിക്കേണ്ടതും വിനയോഗം കഴിഞ്ഞ് ബാക്കിയുള്ള തുക അതാത് സ്ഥാപനങ്ങളിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപമിനത്തിൽ വരവില്ല. നിക്ഷേപത്തിന്റെ വിശദവിവരം താഴെ കൊടുക്കുന്നു

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം(ഷെയർ സർട്ടിഫിക്കറ്റ്) | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്നസ്ഥിരനിക്ഷേപം | 10000 |

മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ ബി ക്ലാസ് ഷെയർ

(ഷെയർ സർട്ടിഫിക്കറ്റ് നം. 4443 / 13-05-2015----തുക10000/- രൂപ)

## **4-6** ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 25920/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|---|
| 1 | 1999-2000 | 3-46 , 3-47 | 15670 | എം.ഗോവിന്ദൻ , സെക്രട്ടറി | ഡി. സി. ആർ. ജി യിൽ നിന്നും പിടിച്ച് ടി.എസ്.ബി അക്കൗണ്ടിൽ 23-06-16-ന് ക്രഡിറ്റ് ചെയ്തു |
| 2 | 2012-13 / 2013-14 | 2-4(2) | 2500 | സെക്രട്ടറി പടിയൂർ ക്ഷീരോല്പാദക സഹകരണ സംഘം | 11602100064 / 08-04-16 |
| 3 | 2014-15 | 2-1(എ) | 2500 | മാനേജർ സപ്ലൈക്കോ മാവേലി സ്റ്റോർ , പടിയൂർ | 116021013122 , 1160201313 / 06-10-16 |
| | | 2-1(എ) | 2500 | ഡിപ്പോ മാനേജർ മാവേലി സ്റ്റോർ , ബ്ലാത്തൂർ | 11602101871 / 17-11-16 |
| | | 2-1(എ) | 2500 | പ്രിൻസിപ്പാൾ , സിബ് ഗ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് , കല്ല്യാട് | 11602102722 / 23-01-17 |
| | | 2-2(ബി) | 250 | മാനേജർ സപ്ലൈക്കോ മാവേലി സ്റ്റോർ , പടിയൂർ | 11602101314/06-10-16 |
| ആകെ | | | 25920 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44608927 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42217459 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 138325 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 74925 | ശ്രീ ജെ ആന്റണി,സെക്രട്ടറി |
| 3-3 | 62100 | ശ്രീമതി സവിത എം,അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | 1300 | അബ്ദുള്ള സി ,വി ഇ ഒ |
| ആകെ | 138325 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ

വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1999-2000 | എൽ.എഫ് .സി 10/764/03/25-09-2003 | |
| 2003-04 | എൽ.എഫ് /കെ.എൻ.ആർ/ഡി 1/759/10/10-07-2009 | |
| 2004-05 | എൽ.എഫ് /കെ.എൻ.ആർ/ഡി1/760/10/10-07-2009 | |
| 2005-06 | കെഎസ് എ കെ എൻ ആർ ഡി1/760/10/10-07/20096/ | |
| 2006-07 | കെഎസ് എ കെ എൻ ആർ ഡി1/513/19-03-2011 | |
| 2007-08 | കെഎസ് എ കെ എൻ ആർ സി 6/64/11/14-12-2011 | |
| 2008-09 | കെഎസ് എ കെ എൻ ആർ സി 6/65/11/14-12-2011 | |
| 2009-10<br>2010-11<br>2011-12 | കെഎസ് എ കെ എൻ ആർ സി 1/416/2013/11-07-2013 | |
| 2012-13<br>2013-14 | കെഎസ് എ കെ എൻ ആർ സി 1/818/2015/03-07-2015 | |

| | | |
|---|---|---|
| | | |
| 2014-15 | കെഎസ് എ കെ എൻ ആർ സി 1/1448/2016/09-08-2016 | |
| 2015-16 | കെഎസ് എ കെ എൻ ആർ സി 4/2227/2016-23-01-2017 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യലയം, കണ്ണൂർ.

# appendix-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ .എസ്.എ. കെ എൻ ആർ/സി.4/1636/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യലയം, കണ്ണൂർ

ഫോൺ: 04972707698

ഇ-മെയിൽ: doknr.ksad@kerala.gov.in

തിയ്യതി: 01.11.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ധേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ പടിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്ന.

ഈ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പടിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# AUDIT CERTIFICATE

No.KSA.KNR/C.4/1636/2017

Kerala State Audit Department,

District Audit Office, Kannur,

Phone: 04972707698

E-Mail: doknr.ksad@kerala.gov.in

Date 01.11.2017

Certified that I have audited the Annual Financial Statement of Padiyoor Gramapanchayath in KANNUR District for the year ended on 31.3. 2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Padiyoor Gramapanchayath for the year 2016-17 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT,
DISTRICT AUDIT OFFICE, KANNUR.

# Appendix - 2

## ഇൻകം & എക്സ്പെഡിച്ചർ സ്റ്റേറ്റ്മെന്റ്

Appendix - 2

Padiyoor Grama Panchayath

Income & Expenditure statement

For the period from 01-April 2016 to 31 March 2017

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | 1-1 | 3693948 |
| 130000000 | Rental income from panchayath properties | I-3 | 750 |
| 140000000 | Fee &User charges | 1-4(b) | 317910 |
| 150000000 | Sale &Hire Charges | 1-5(b) | 228194 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 79589491 |
| 170000000 | Interest Earned | 1-8 | 95604 |
| 180000000 | Other income | 1-9 | 739 |
| A | Total Income | | 83926636 |
| | | | |
| 210000000 | EstablishmentExpenses | 1-10(b) | 8842993 |
| 220000000 | Administrative Expenses | 1-11(b) | 650658 |
| 230000000 | Operations &Maintanance | 1-12(b) | 734502 |
| 240000000 | Interest &Finance Charges | 1-13 | 2199 |
| 250000000 | Decentralised Plan programme – Productive Sector | 1-14 | 5723573 |

| | | | |
|---|---|---|---|
| 2510000000 | Decentralised Plan programme – Service Sector | 1-14(a) | 25212357 |
| 2520000000 | Decentralised Plan programme – Infrastructure Sector | 1-14(b) | 1165606 |
| 253000000 | Decentralised Plan programme – Projects not included in Sector Division | 1-14(c) | 567702 |
| 254000000 | Expenditures of Transferred Institutions &State Sponsored Schemes | 1-14(d) | 35312575 |
| 255000000 | Maintanance Projects | 1-14(e) | 6452644 |
| 256000000 | Other Revenue Grants and Funds – Revenue Expenses | 1-15(a) | 347073 |
| 272000000 | Depreciation | 1-17(a) | 1416343 |
| B | Total - Expenditure | | 86428225 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | -2501589 |
| D=280000000 | Prior period Item | 1-18 | -20929 |
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items | | -2480660 |
| 290000000 | Transfer to reserve funds | | |
| | Net balance being surplus/Deficit carried over to balance sheet(Panchayat Fund) | | |

Deputy Director

# appendix-3

## റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Padiyoor Grama Panchayath

Receipt And Payment Statement

For the period from 01 April 2016 to 31 March 2017

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 8594349 |
| | Cash | RP-40(a) | 94742 |
| | Receipts | | |
| Operating | | | |
| 110000000 | Tax evenue | RP- 1 | 1129100 |
| 130000000 | Rental income from Panchayath properties | RP-3 | 750 |
| 140000000 | Fees &User Charges | RP- 4 | 235130 |
| 150000000 | Sale &Hire Charges | RP- 5 | 226914 |

| | | | |
|---|---|---|---|
| 160000000 | Revenue Grants ,Funds,Contributions &Compensations | RP- 7 | 7621920 |
| 171000000 | Interest Earned | RP- 9 | 95604 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 31200062 |
| 350000000 | Other Liabilities | RP-36 | 604260 |
| Non Operating | | | |
| 180000000 | Other income | RP-10 | 739 |
| 311000000 | Earmarked Funds | RP-29 | 270585 |
| 340000000 | Deposits Received | RP- 34 | 8850 |
| 350000000 | Other Liabilities | RP- 36 | 203518 |
| 431000000 | Sundry Debtors(Receivables) | RP- 43 | 2633400 |
| 460000000 | Loans,Advances and Deposits | RP- 47 | 378095 |

| | | | |
|---|---|---|---|
| Grand Total | | | 53298018 |
| | Payments | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 2578740 |
| 220000000 | Administrative Expenses | RP-12 | 628463 |
| 230000000 | Operatations &Maintanance | RP-13 | 734502 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 2140468 |
| 251000000 | Decentralised plan programme – Service Sector | RP-16 | 12984489 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 1165606 |
| 253000000 | Decentralised plan programme –Projects not included in sector | RP-18 | 194602 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 724200 |

| | | | |
|---|---|---|---|
| 255000000 | Maintanance Projects | RP-20 | 6452644 |
| 256000000 | Other Revenue Grants and Funds-Revenue Expenses | RP-21 | 347073 |
| 280000000 | Prior period Item | RP-26 | -13429 |
| 320000000 | Grants,Funds &Contributions for Specific Purposes | RP-31 | 262526 |
| 350000000 | Other Liabilities | RP-36 | 5596577 |
| Non Operating | | | |
| 240000000 | Interest &Finance Charges | RP-14 | 2199 |
| 280000000 | Prior period item | RP-26 | -7500 |
| 340000000 | Deposits Received | RP-34 | 31500 |
| 350000000 | Other Liabilities | RP-36 | 1891921 |
| 410000000 | Fixed Assets | RP-38 | 3318232 |

| | | | |
|---|---|---|---|
| 412000000 | Capital work in progress | RP-40 | 2812691 |
| 460000000 | Loans,Advances and Deposits | RP-47 | 371955 |
| | Closing Balance | | |
| | Bank | RP-40(b) | 11074774 |
| | Cash | RP-40(b) | 5785 |
| Grand Total | | | 53298018 |

Deputy Director

# Appendix - 4

# Balance Sheet

Appendix - 4

PADIYOOR GRAMA PANCHAYATH

As on 31 March, 2017

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | Liabilities | | |
| | Reserve &surplus | | |
| 310000000 | Panchayat Funds | B-1 | 842462 |
| 311000000 | Earmarked Funds | B-2 | 247074 |
| 312000000 | Reserves | B-3 | 42687296 |
| | Total Reserve &surplus | | |
| | Grants,Contributions for specific purposes | | |
| 320000000 | Grants,Funds &Contributions for Specific Purposes | B-4 | 5214207 |
| | Total Grants,Funds &Contributions for Specific Purposes | | 5214207 |

| | | | |
|---|---|---|---|
| | Loans | | |
| 330000000 | Secured Loans | B-5 | 0 |
| | Total Loans | | 0 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 532873 |
| 350000000 | Other Liabilities | B-9 | 971919 |
| | Total Current Liabilities and Provisions | | 1504792 |
| | TOTAL LIABILIITIES | | 50495831.9 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 46676356 |
| 411000000 | Accumulated Depreciation | B-11 | -9177266 |
| 412000000 | Capital Work In Progress | B-11(a) | 1007666 |
| | Total Fixed Assets | | 38506756 |
| 420000000 | Investments<br>Investments | | |
| | Current Assets,Loans and Advances | B-12 | 10010 |

| | | | |
|---|---|---|---|
| | Total Investments | | 10010 |
| 431000000 | Sundry Debtors (Receivables) | B-15 | 618706.9 |
| 440000000 | Pre-paid Expenses | B-16 | 0 |
| 450000000 | Cash and Bank balance | B-17 | 11080559 |
| 460000000 | Loans,Advances and Deposits | B-18 | 279800 |
| | Total Current Assets,Loans and Advances | | 11979065 |
| | Total Assets | | 50495831.9 |

Deputy Director